## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം: അനുപമ റ്റി.വി. IAS)

**ഉത്തരവ് നം. ഡബ്ള്യു.സി.ഡി/ഇ5-5514/2021** **തീയതി: 03.09.2021**

വിഷയം : വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - നിയമസഭ തെരഞ്ഞെടുപ്പ് 2021 - ഡമ്മി ബ്രെയിലി ബാലറ്റ് നിർമ്മാണം - സത് സേവന രേഖ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ 12/07/2021 ലെ 296/ എസ് 1/21/എസ് സി പി ഡബ്ല്യൂ ഡി നം കത്ത്.

2021 ഏപ്രിൽ 6 ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 140 നിയോജക മണ്ഡലങ്ങളിലെയും വോട്ടവകാശമുള്ള കാഴ്ചപരിമിതരായ സമ്മതിദായകർക്ക് അവരുടെ ജനാധിപത്യ അവകാശം പരപ്രേരണയില്ലാതെ നിർവ്വഹിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ ഓരോ ബൂത്തിനും ഒന്ന് എന്ന ക്രമത്തിലും ഓരോ മണ്ഡലത്തിലും ബൂത്തുകളുടെ 5% എണ്ണം എന്ന ക്രമത്തിലും ഡമ്മി ബ്രെയിലി ബാലറ്റ് തയ്യാറാക്കി വിതരണം ചെയ്യുവാൻ ചീഫ് ഇലക്ടൽ ഓഫീസർ തീരുമാനമെടുക്കുകയും ഡമ്മി ബ്രെയിലി ബാലറ്റ് തയ്യാറാക്കുന്നതിന് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്രെയിലി ഡമ്മി ബാലറ്റ് തയ്യാറാക്കുന്നതിന് കമ്മീഷണറെ സഹായിക്കുവാൻ വനിത ശിശുവികസന വകുപ്പിൽ നിന്ന് ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാരുടെ അർപ്പണ ബോധത്തോടെയും ഉത്തരവാദിത്തത്തോടെയുമുള്ള സേവനം കാരണം നിശ്ചിത സമയ പരിധിക്കകം ബ്രെയിലി ഡമ്മി ബാലറ്റ് തയ്യാറാക്കി ബഹു.ഇലക്ഷൻ കമ്മീഷന് കൈമാറുവാൻ കഴിഞ്ഞിരുന്നതിനാൽ വനിത ശിശുവികസന വകുപ്പിൽ നിന്നും പ്രസ്തുത ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാരെ പ്രത്യേകം പ്രശംസിക്കുന്നതോടൊപ്പം ചുവടെ പറയുന്ന ജീവനക്കാർക്ക് സത് സേവന രേഖ നൽകുവാൻ പരാമർശ പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ശുപാർശയും നൽകിയിരിക്കുന്നു.

| ക്രമ നം | പേര്, പെൻ നമ്പർ | തസ്തിക | കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.എൻ.കെ.ബിനു റോയ് (211764) | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 | ഗവ.ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ. |
| 2 | ശ്രീമതി അഞ്ജു.എസ്.ജെ (211931) | ജൂനിയർ സൂപ്രണ്ട് | ICDS പ്രോജക്ട് ഓഫീസ്, തിരുവനന്തപുരം അർബൻ 1 |
| 3 | ശ്രീ.ഒ.എൻ.വിജയകുമാർ (211700) | ജൂനിയർ സൂപ്രണ്ട് | ജില്ലാ വനിത ശിശു വികസന ഓഫീസ്, തിരുവനന്തപുരം. |
| 4 | ശ്രീ.ആർ.സഞ്ജയ് കുമാർ (663783) | സീനിയർ ക്ലർക്ക് | വനിത ശിശു വികസന ഡയറക്ടറേറ്റ്. |

ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ ബ്രെയിലി ഡമ്മി ബാലറ്റ് തയ്യാറാക്കി നൽകിയതിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ പരാമർശ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് സേവന മികവിനുള്ള അംഗീകാരമായി സത് സേവന രേഖ നൽകി ഉത്തരവാകുന്നു.

കാര്യാലയ മേധാവികൾ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

*വനിത ശിശുവികസന ഡയറക്ടർ*

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

<u>പകർപ്പ് :-</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം.
2. ശിശുവികസന പദ്ധതി ഓഫീസർ, തിരുവനന്തപുരം അർബൻ 1.
3. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്